മണ്ണു പരിശോധനാ ലബോറട്ടറിയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റിന്റെ അവധി അപേക്ഷ

183(2443) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ മണ്ണുപരിശോധനാ ലബോറട്ടറിയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയിരുന്ന എ. ആർ. മുരളീധരന്റെ അവധി അപേക്ഷയിൽ സമർപ്പിച്ചിരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതു സംബന്ധിച്ച് (ഫയൽ നമ്പർ SB (2) 51441/10) കൃഷി വകുപ്പു ഡയറക്ടർ നടത്തിയ അന്വേഷണത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) സർട്ടിഫിക്കറ്റ് നഷ്ടമായതുമൂലം ശ്രീ. മുരളീധരന് അവധി ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതു സംബന്ധിച്ച് പുനരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ശ്രീ. മുരളീധരന്റെ ട്രാൻസ്ഫർ അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) അവധി അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും നൽകുമോ ?

ഉത്തരം

(എ–സി) ഇടുക്കി ജില്ലാ മണ്ണുപരിശോധനാ ലബോറട്ടറിയിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയിരുന്ന ശ്രീ. എ. ആർ. മുരളീധരൻ സമർപ്പിച്ചിരുന്ന അവധി അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും കാണാതായത് സംബന്ധിച്ച് കൃഷി ഡയറക്ടർ രണ്ടു ഘട്ടമായി അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണങ്ങളിൽനിന്നും അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും എങ്ങനെ നഷ്ടപ്പെട്ടുവെന്ന് കണ്ടെത്താനായിട്ടില്ല. രേഖകളുടെ അഭാവത്തിൽ അവധി ആനുകൂല്യം നൽകുന്ന കാര്യം നിലവിലുള്ള നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളു.

(ഡി) ശ്രീ. മുരളീധരനെതിരെയുള്ള പരാതിയിന്മേൽ കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ അന്വേഷണം നടത്തി ശിപാർശ ചെയ്തതിൻ പ്രകാരമാണ് ടിയാനെ വയനാട്, മാനന്തവാടി മണ്ണ് പരിശോധനാ ലാബിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്.

(ഇ) വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്.

GCPT. 2/778/2020.

LIBRARY ARCHIVES Kerala Legislative Assembly